(ഡി) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിച്ചതിനെപ്പറ്റി 24.11.2000-ലെ വിധിയിൽ ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ഇ) ഹൈക്കോടതിയുടെ 24.11.2000-ലെ വിധിയിൽ പ്ളസ് ടു കോഴ്സ് അനുവദിച്ചത് സംബന്ധിച്ച് എന്ത് ഉത്തരവ് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) അൺഎയിഡഡ് സ്കൂളുകൾക്കും പ്ളസ് ടു അനുവദിക്കുവാൻ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 7.7.2000-ലെ ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്ളസ് ടു കോഴ്സുകൾ അനുവദിച്ചതെന്ന് പരാമർശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കോർട്ടലക്ഷ്യമായി പരിഗണിക്കാവുന്നതാണെന്ന് പരാമർശമുണ്ട്.

(ഡി) ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി.കളിൻമേൽ തീരുമാനമെടുക്കുന്നതുവരെ അഡീഷണൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് 13.10.2000-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) 343/2000/പൊ.വി.വ. ഉത്തരവ് നടപ്പിൽ വരുത്തരുതെന്നാണ് ഉത്തരവിലുള്ളത്.

(ഇ) പതിനഞ്ച് സ്കൂളുകൾ ഫയൽ ചെയ്തിരുന്ന ഒ.പി.കളിൻമേലാണ് 24.11.2000-ലെ വിധി പ്രസ്താവിക്കപ്പെട്ടത്.

(എഫ്) ഉണ്ട്. ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്ളസ് ടു കോഴ്സുകൾ

12(*102) ശ്രീ.ജോൺ ഫെർണാണ്ടസ് :
ശ്രീ.പിരപ്പൻകോട് മുരളി :
ശ്രീ.കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ.വി.കെ.ചന്ദ്രൻ :
ശ്രീ.ടി.കെ.നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷത്തിൽ പുതുതായി പ്ളസ് ടു കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്ളസ് ടു കോഴ്സ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പ്ളസ് ടു കോഴ്സ് അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ഗ്രൂപ്പുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്കൂളുകളിൽ പ്ളസ് ടു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; ഇതിൽ സർക്കാർ സ്കൂളുകൾ എത്ര; സ്വകാര്യ സ്കൂളുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ അദ്ധ്യയന വർഷത്തിൽ പുതുതായി എത്ര കുട്ടികൾക്ക് പ്ളസ് ടൂ കോഴ്സിൽ പ്രവേശനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്ളസ് ടൂ കോഴ്സ് ആരംഭിച്ചിട്ടുള്ള സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) പ്ളസ് ടൂ കോഴ്സുകൾ അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിന് അദ്ധ്യാപകരുമില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഐ) ഈ അദ്ധ്യയന വർഷത്തിൽ ആകെ എത്ര പ്രീഡിഗ്രി സീറ്റുകളാണ് ഉണ്ടായിരുന്നത്;

(ജെ) പ്രസ്തുത അദ്ധ്യയനവർഷത്തിൽ പ്ളസ് ടൂ കോഴ്സുകളിലേക്ക് ആകെ പ്രവേശനം ലഭിച്ച കുട്ടികളെത്ര; ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചവരുടെ എണ്ണം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ഉണ്ട്. ഈ വർഷം 407 പ്ളസ് ടൂ സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്.

(ബി) പ്ളസ് ടൂ കോഴ്സ് അനുവദിച്ചതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഇതു കൂടാതെ രണ്ടു നിർദ്ദേശങ്ങൾ കൂടി ബഹു : ഹൈക്കോടതി കൂട്ടിച്ചേർത്തിരുന്നു. അത് താഴെ ചേർക്കുന്നു.

(1) ആവശ്യത്തിന് സർക്കാർ/എയിഡഡ് സ്കൂളുകൾ ഇല്ലെങ്കിൽ അൺ എയിഡഡ് സ്കൂളുകളെ കൂടി പരിഗണിക്കണം.

(2) പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത കോളേജുകളുടെ സമീപത്ത് പ്ളസ് ടൂ അനുവദിക്കുന്നതിൽ മുൻഗണന നൽകണം.

(സി) ഓരോ സ്കൂളിലും വിദഗ്ദ്ധ സമിതികൾ സന്ദർശനം നടത്തി ആവശ്യകത വിലയിരുത്തി ഗവൺമെന്റിന് റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പുകൾ അനുവദിച്ചത്.

(ഡി) 931 സ്കൂളുകളിൽ പ്ളസ് ടൂ ഉണ്ട്.

സർക്കാർ സ്കൂളുകൾ - 417

സ്വകാര്യ സ്കൂളുകൾ- 506

അൺഎയിഡഡ് സ്കൂളുകൾ - 8

(കലാമണ്ഡലം ഹയർ സെക്കൻഡറി സ്കൂളിനെ ഈ അദ്ധ്യയന വർഷം മുതൽ എയിഡഡ് മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

(ഇ) ആകെ 1,74,380 സീറ്റുകളാണുള്ളത്. ഇതിൽ ഏതാനും സീറ്റുകൾ മാത്രമേ ഒഴിഞ്ഞു കിടപ്പുള്ളൂ. ഭൂരിഭാഗം സീറ്റുകളിലും അഡ്മിഷൻ നടന്നു കഴിഞ്ഞു.

(എഫ്) ഈ വർഷം പ്ളസ് ടൂ നൽകിയ സ്കൂളുകൾക്ക് അടുത്ത അദ്ധ്യയന വർഷം മുതൽ മാത്രമേ ലബോറട്ടറി സൗകര്യം വേണ്ടതായിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മറ്റുള്ള സ്കൂളുകളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്താനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

(ജി) ഇങ്ങനെ പ്രാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) 74950 സീറ്റുകൾ.

(ജെ) ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

പാരമ്പര്യ വ്യവസായങ്ങളെ സംരക്ഷിക്കാൻ വിവര സാങ്കേതികവിദ്യ

13 (*103)<u>ശ്രീമതി ജെ.മേഴ്സി കുട്ടി അമ്മ</u> :
<u>ശ്രീ.കെ.പി.സതീശ് ചന്ദ്രൻ</u> :
<u>ശ്രീ.ടി.കെ.ബാലൻ</u> :
<u>ശ്രീ.ജി.സുധാകരൻ</u> :
<u>ശ്രീ.ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാരമ്പര്യ വ്യവസായങ്ങളായ കൈത്തറി, കയർ മേഖലകളെ സംരക്ഷിക്കാൻ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മേഖലകളിൽ വിവരസാങ്കേതികവിദ്യ എപ്രകാരം പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാരമ്പര്യ വ്യവസായങ്ങളെ സംരക്ഷിക്കാനായി വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പാരമ്പര്യ വ്യവസായ മേഖലകളിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ ഏജൻസികളുടെ സഹായമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ) ഉണ്ട്. കയർ വികസന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് കെൽട്രോണിനെ കൊണ്ട് പഠനം നടത്തിയിട്ടുണ്ട്.

കയർഫെഡിന്റെ പ്രവർത്തനം സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്. കൈത്തറി മേഖലയിൽ കമ്പ്യൂട്ടർവൽക്കരണം, ഉ-ആർ.ആന്റ് സി.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളുടെ/ഏജൻസികളുടെ സഹായത്താൽ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) <u>കയർ മേഖല</u>

LIBRARY ARCHIVES Kerala Legislative Assembly